LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) കൊല്ലം ജില്ലയിൽ ദേശീയ പാതകളുടെ നവീകരണത്തിനായി 2014-15 സാമ്പത്തിക വർഷത്തിൽ കൊല്ലം ഇരുമ്പ പാലത്തിന്റെ നിർമ്മാണത്തിനും എൻ.എച്ച്-208-ന്റെ കി.മീ. 45/000 മുതൽ 81/250 വരെ ഉപരിതലം പുതുക്കുന്നതിനുമായി 6,42,61,369 രൂപ (കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ 55,38,898 രൂപ ഉൾപ്പെടെ) ചെലവഴിച്ചു. കൂടാതെ കാലവർഷത്തിനു മുമ്പുള്ള അറ്റകുറ്റപ്പണികൾ, റോഡ് സുരക്ഷ, കുഴികൾ അടയ്ക്കുന്ന പണികൾ, ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് റോഡുകളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയവയെല്ലാം കൂടി 1,60,67,607 രൂപ ചെലവഴിച്ചു. ഇരുമ്പ പാലത്തിന്റെ അടങ്കൽ തുക 18.93 കോടി രൂപ. എൻ.എച്ച് 208-ന്റെ കി.മീ. 45/000 മുതൽ 81/250 വരെ ഉപരിതലം പുതുക്കുന്നതിന്റെ അടങ്കൽ തുക 6.84 കോടി രൂപ.

അത്തൂർ മണ്ഡലത്തിലെ പാലം നിർമ്മാണം

228 (3979) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്തൂർ മണ്ഡലത്തിലെ എരമല്ലൂർ കടപ്പുറം പാലം, അഞ്ചുതുരുത്ത് ദ്വീപിലേക്കുള്ള പാലം, പി.എസ്.-കടത്തുഫെറി പാലം, കെൽട്രോൺ ഫെറി-കുമ്പളങ്ങി പാലം, വാക്കയിൽ പാലം എന്നീ പാലങ്ങളുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഇവയുടെ നിർമ്മാണത്തിനാവശ്യമായ നടപടി ത്വരിതഗതിയിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) എരമല്ലൂർ കടപ്പുറം പാലം, അഞ്ചു തുരുത്ത് ദ്വീപിലേക്കുള്ള പാലം, പി.എസ്. കടത്തുഫെറി പാലം, വാക്കയിൽ പാലം എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കെൽട്രോൺ - ഫെറി കുമ്പളങ്ങി പാലത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നുണ്ട്. ആയവ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്.